**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3469** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഇതരസംസ്ഥാന തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് കൊലപാതകം ഉൾപ്പെടെയുള്ള ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2016 മുതൽ നാളിതു വരെ സംസ്ഥാനത്ത് നടന്ന കുറ്റകൃത്യങ്ങളിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ; | (എ) | ഉണ്ട്. 2016 മുതൽ നാളിതുവരെ കൊലപാതകം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതിന് 10,546 ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| (ബി) | വകുപ്പിന്റെ വിവരശേഖരണ സംവിധാനമായ ആവാസിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം അറിയാനുള്ള വിവരശേഖരണം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അവരുടെ ക്രിമിനൽ പശ്ചാത്തലം ഉൾപ്പെടെയുള്ള സമഗ്ര വിവര സമാഹരണത്തിനുള്ള സംവിധാനം അടിയന്തരമായി ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ? | (ബി) | ഇല്ല. ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ ഇൻഷുറൻസ് പദ്ധതി വഴിയുള്ള ആനുകൂല്യങ്ങളുമാണ് ആവാസ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ക്രിമിനൽ പശ്ചാത്തലവിവരശേഖരണം സംബന്ധിച്ച് ആഭ്യന്തര വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് നിലവിൽ അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പേ തന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ